(സി) ഈ അലവൻസു കുറവു ചെയ്യുന്നതിനു് പരിഹാരമുണ്ടാക്കത്തക്ക വിധത്തിൽ എന്തെങ്കിലും വർദ്ധനവു് കമ്മീഷൻ ശുപാർശചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തു് ;

(ഡി) മറ്റേതെങ്കിലും വിഭാഗക്കാരുടെ ഈ രീതിയിലുള്ള അലവൻസു നിറുത്തലാക്കിയിട്ടുണ്ടോ ?

മുഖ്യമന്ത്രി (ശ്രീ. ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാടു്) :

(എ) ഉണ്ടു്.

(ബി) പ്രതിമാസം 33 രൂപ.

(സി) കമ്മീഷന്റെ ശുപാർശപ്രകാരം പഴയ ശമ്പളസ്കെയിലിൽ തുടരാൻ സമ്മതമുള്ളവർക്കു് മെസ്സു അലവൻസു തുടർന്നു നൽകുന്നതാണു്. പുതിയ സ്കെയിലിൽ പ്രവേശിപ്പിക്കപ്പെടുന്നവർക്കു് മെസ്സു് അലവൻസു് നിറുത്തലാക്കുന്നതുകൊണ്ടു് വേതനത്തിൽ കുറവുണ്ടാകാത്ത വിധത്തിൽ സംരക്ഷണം നൽകാനും വ്യവസ്ഥ ചെയ്തിട്ടുണ്ടു്.

(ഡി) മെസ്സു് അലവൻസു ലഭിച്ചിരുന്ന മറ്റു വിഭാഗം ജീവനക്കാരില്ലാത്തതിനാൽ അവരെ സംബന്ധിച്ചിടത്തോളം ഈ ചോദ്യം ഉദിക്കുന്നില്ല. ഡോബി അലവൻസിനു തുല്യമായ വാഷിംഗു് അലവൻസു ലഭിക്കുന്ന ക്ലാസു് ഫോർ മുതലായ താഴ്ന്ന ശമ്പളക്കാരുടെ അലവൻസു് നിറുത്തലാക്കിയിട്ടില്ല.

പോലീസു് വെരിഫിക്കേഷൻ

* 69. [179] ശ്രീ. പി. എൻ. ചന്ദ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പോലീസു് വെരിഫിക്കേഷൻമൂലം ജോലി നഷ്ടപ്പെട്ട എത്ര ആളുകൾക്കു് ഈ മന്ത്രിസഭ അധികാരത്തിൽ വന്നതിനുശേഷം ജോലി നൽകിയിട്ടുണ്ടു്;

(ബി) ഇനിയും എത്ര ആളുകൾക്കുകൂടി ജോലി നൽകാനുണ്ടു്?

മുഖ്യമന്ത്രി (ശ്രീ. ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാടു്) :

(എ)-യും (ബി)-യും പോലീസു് വെരിഫിക്കേഷൻ കാരണം ജോലി നിഷേധിക്കപ്പെട്ടിരുന്ന എല്ലാവരുടേയും കേസുകളും ഈ മന്ത്രിസഭ അധികാരത്തിൽ വന്നതിനുശേഷം പുനഃപരിശോധന ചെയ്തു, അവരിൽ രാഷ്ട്രീയ പരിഗണനമൂലം ജോലി നിഷേധിച്ചിരുന്നവരുടെ പേരിലുള്ള ഡീബാർമെന്റു് ഉത്തരവു് റദ്ദാക്കി, അവരെ ജോലിയിൽ പ്രവേശിപ്പിക്കാൻ ഉത്തരവായിട്ടുണ്ടു്. അങ്ങനെയുള്ള എല്ലാവർക്കും അതതു് വകുപ്പുമേധാവികളും നിയമന ഉത്തരവുകളും അയച്ചിട്ടുണ്ടു്.

കോർപ്പറേഷനുകളിലെ നിയമനങ്ങൾ

* 70. [181] ശ്രീ. ആർ. കൃഷ്ണൻ (പാലക്കാടു്) : താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോർപ്പറേഷനുകളിലും മറ്റും നിയമനങ്ങൾക്കു് ഒരു പ്രത്യേക സെലക്ഷൻബോർഡു് രൂപീകരിക്കാനുദ്ദേശിക്കുന്നതായ ഗവണ്മെന്റു് പ്രഖ്യാപനം എത്ര കാലത്തിനുള്ളിൽ നടപ്പിലാകും;

(ബി) ഇതു സംബന്ധിച്ച നടപടികൾ എത്രത്തോളമായി?

LIBRARY ARCHIVES Kerala Legislative Assembly